**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **23-08-2022 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ഔദ്യോഗികവാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി ഡൽഹിയിൽ സർക്കാർ വാഹനം വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ; ഏത് വാഹനമാണ് വാങ്ങുന്നത്; അതിനായി തുക അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ന്യൂഡൽഹി കേരളാ ഹൗസിൽ മുഖ്യമന്ത്രിയുടെ യാത്രക്കായി നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനത്തിന്റെ കാലപ്പഴക്കം കാരണമാണ് പുതിയ ഇന്നോവ ക്രിസ്റ്റ വാഹനം വാങ്ങാൻ തീരുമാനിച്ചത്. 16.07.2022 ലെ സ.ഉ.(സാധാ)3013/2022/പൊഭവ ഉത്തരവ് പ്രകാരമാണ് പുതിയ വാഹനം വാങ്ങുന്നതിനുള്ള തുക അനുവദിച്ചത്. |
| (ബി) | മുഖ്യമന്ത്രിയുടെ ഉപയോഗത്തിനായി കിയ കാർണിവൽ തെരഞ്ഞെടുക്കാനുള്ള കാരണം; പ്രസ്തുത വാഹനത്തിന്റെ വില എത്ര; എന്നിവ വ്യക്തമാക്കുമോ; | (ബി) | ഇസെഡ് പ്ലസ് സുരക്ഷ ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ ഉള്ള വാഹനമായതിനാലും, വിപണിയിൽ ഈ ശ്രേണിയിൽ ലഭ്യമായ വിലകുറഞ്ഞ വാഹനമായതു കൊണ്ടുമാണ് കിയ കാർണിവൽ തെരഞ്ഞെടുത്തത്. ടി വാഹനത്തിന്റെ വില മുപ്പത്തിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത്തിരണ്ട് രൂപ (33,30,532/-) യാണ്. |
| (സി) | മുഖ്യമന്ത്രിയുടെ ഔദ്യോഗിക കാറിന് അകമ്പടിയായി എസ്കോർട്ട്, പൈലറ്റ്, ആംബുലൻസ്, മറ്റ് സുരക്ഷാ വാഹനങ്ങൾ ഉൾപ്പെടെ എത്ര വാഹനങ്ങളാണ് സഞ്ചരിക്കുന്നത്; അകമ്പടി വാഹനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണം, അവരുടെ ഒരു മാസത്തെ ശമ്പളം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | ഇസെഡ് പ്ലസ് സുരക്ഷാ കാറ്റഗറിയിൽ ഉൾപ്പെട്ട സംരക്ഷിത വ്യക്തികൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പ് പുറത്തിറക്കിയ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചുള്ള സുരക്ഷാ ക്രമീകരണങ്ങളാണ് മുഖ്യമന്ത്രിക്ക് നൽകി വരുന്നത്. ഇപ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ പരസ്യമാക്കുന്നത് ഇസെഡ് പ്ലസ് സുരക്ഷയുള്ള വ്യക്തികളുടെ സുരക്ഷയെ പ്രതികൂലമായി ബാധിക്കും എന്നതിനാൽ ഇതിനായി നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ